**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ലൈനിൽ നിന്ന് ഷോക്കേറ്റ് മരണം - നഷ്ടപരിഹാരത്തിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊട്ടി വീണതും താഴ്ന്ന കിടക്കുന്നതുമായ വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് മരണം ഉണ്ടാകുകയോ പരിക്കേൽക്കുകയോ ചെയ്യുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കെ.എസ്.ഇ.ബി വർഷങ്ങളുടെ കാലതാമസം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആളുകൾക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | നഷ്ടപരിഹാരത്തിനുള്ള അർഹത പരിശോധിക്കുന്നതിനായുള്ള 6 ഓളം രേഖകൾ മരണപ്പെട്ട വ്യക്തിയുടെ അനന്തരാവകാശികൾ വിവിധ അധികാരികളിൽ നിന്നും ലഭ്യമാക്കി കെ.എസ്.ഇ.ബി ലിമിറ്റഡിന് സമർപ്പിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകാറുണ്ട്. എന്നാൽ രേഖകൾ സമർപ്പിക്കുന്നതിനായി എടുക്കുന്ന കാലതാമസം നഷ്ട പരിഹാരം അനുവദിക്കുന്നതിന് കാലതാമസത്തിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് എങ്ങനെ പരിഹരിക്കുവാൻ കഴിയുമെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ